◆ സ്മരണ

ജലീൽ പടന്ന

# ഇബ്റാഹീം സഈദ് സാഹിബ്



**ഗ്രന്ഥകാരൻ,** പത്രപ്രവർത്തകൻ, പ്രഭാഷകൻ തുടങ്ങി വ്യവഹരിച്ച എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച്, പൊതുസമൂഹത്തിൽ അങ്ങേയറ്റത്തെ ആദരവ് നേടിയെടുത്ത അപൂർവം വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു ഇക്കഴിഞ്ഞ മെയ് 25-ന് മരണപ്പെട്ട ജമാഅത്തെ ഇസ്‌ലാമി മുൻ കർണാടക-ഗോവ അമീർ ഇബ്റാഹീം സഈദ് സാഹിബ് (62).

ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാകുന്നതിനു മുമ്പ് കമ്യൂണിസ്റ്റ് അനുഭാവിയായിരുന്നു. ബാങ്കിൽ ജോലിയുമുണ്ടായിരുന്നു. കമ്യൂണിസ്റ്റ് കാഴ്ചപ്പാട് പ്രചരിപ്പിക്കുന്നതിനു വേണ്ടി നിരവധി ലേഖനങ്ങളും അന്നെഴുതുകയുണ്ടായി.

32-ാം വയസ്സിൽ, പരന്ന വായന അദ്ദേഹത്തെ കൊണ്ടെത്തിച്ചത് ഇസ്‌ലാമിക പ്രസ്ഥാനത്തിലാണ്. പ്രസ്ഥാനവുമായി ബന്ധം സ്ഥാപിച്ച ഉടൻ ബാങ്ക് ഉദ്യോഗം രാജിവെച്ചു. പിന്നീട് മുഴുസമയ പ്രവർത്തകനായി. ദക്ഷിണ കാനറ, കുടക്, വീരാജ്പേട്ട, ഗോവ ഭാഗങ്ങളിൽ പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ വിശ്രമമില്ലാതെ പണിയെടുത്തു.

പ്രസ്ഥാനത്തിന് കാര്യമായ വിഭവങ്ങളോ ആൾബലമോ ഇല്ലാത്ത കാലത്താണ് കന്നട മുഖപത്രമായ *സന്മാർഗ* വാരിക തുടങ്ങുന്നത്. ഇബ്റാഹീം സഈദ് സാഹിബിന്റെ രചനാവൈഭവം മാത്രമായിരുന്നു ആകെയുണ്ടായിരുന്ന കൈമുതൽ. ലേഖനങ്ങളും മുഖപ്രസംഗവും ഖുർആൻ പംക്തിയും ഹദീസ് പഠനവും വാർത്തകളും എല്ലാം കൈകാര്യം ചെയ്തിരുന്നത് അദ്ദേഹംതന്നെ. മരണം വരെ ഇബ്റാഹീം സഈദ് സാഹിബ് ആയിരുന്നു *സന്മാർഗ*യുടെ മുഖ്യ പത്രാധിപർ.

ഇരുപത്തിയഞ്ചോളം പുസ്തകങ്ങൾ എഴുതിയ അദ്ദേഹം മറ്റു ഭാഷകളിൽനിന്നായി 23 പുസ്തകങ്ങൾ കന്നടയിലേക്ക് മൊഴിമാറ്റം നടത്തി. ഇത്രയേറെ രചനകൾ നടത്തിയ മറ്റൊരു ഇസ്‌ലാമിക പണ്ഡിതൻ കർണാടകയിലില്ല. ആനുകാലികങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളും പഠനങ്ങളും സമാഹരിച്ചാൽ തന്നെ വാള്യങ്ങൾ വരും.

ഇസ്‌ലാമുമായി ബന്ധപ്പെട്ട ഏതു പ്രശ്നത്തിലും, ടെലിവിഷൻ ചാനലുകളും പത്രങ്ങളും ആദ്യം തേടിയെത്തുന്നത് ഇബ്റാഹീം സഈദ് സാഹിബിനെയാണ്. *പ്രചാവാണി* എന്ന ഇവിടത്തെ താരതമ്യേന മതേതര സ്വഭാവം നിലനിർത്തുന്ന പത്രത്തിൽ ആഴ്ചയിൽ 3 ദിവസം അദ്ദേഹത്തിന് കോളം അനുവദിച്ചിരുന്നു. ആനുകാലിക വിഷയങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാടുകളായിരുന്നു ഇതിലൂടെ പ്രകടിപ്പിച്ചിരുന്നത്. മരണത്തിന്റെ തൊട്ടുമുമ്പത്തെ ദിവസങ്ങളിലും ഇതിന് മുടക്കം വന്നില്ല. ആശുപത്രിക്കിടക്കയിൽ വെച്ചായിരുന്നു എഴുത്ത്.

ഇസ്‌ലാമിക പ്രബോധനരംഗത്ത് അനുകരണീയ മാതൃകയാണ് ഇബ്റാഹീം സഈദ്. സംസ്ഥാനത്തുടനീളം അദ്ദേഹത്തിന് ദഅ്‌വാ ബന്ധങ്ങളുണ്ട്. സംസ്ഥാനത്തെ ഏതാണ്ടെല്ലാ ഹൈന്ദവ-ക്രൈസ്തവ പുരോഹിതന്മാരുമായും വളരെ അടുത്ത് ഇടപഴകി.

മതസൗഹാർദം നിലനിർത്താനും അദ്ദേഹം കിണഞ്ഞു ശ്രമിക്കുകയുണ്ടായി. ഇടക്കിടെയുണ്ടാകുന്ന വർഗീയ കലാപങ്ങൾ മൂലം ദക്ഷിണ കാനറയിലെ ജനങ്ങൾക്കിടയിലുണ്ടായ അകൽച്ച മാറ്റാൻ ഇത്രയേറെ പണിയെടുത്ത മറ്റൊരാളെ കാണാനാവില്ല. 1984-ൽ കർണാടക ജമാഅത്ത് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച മതസൗഹാർദ കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മുക്കുമൂലകളിൽ ചെന്ന് അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളും സൗഹാർദ സംഭാഷണങ്ങളും ഇന്നും ചർച്ച ചെയ്യപ്പെടാറുണ്ട്. 6 മാസം മുമ്പ് നടന്ന മംഗലാപുരം കലാപവേളയിലും, ഇരു വിഭാഗങ്ങൾക്കിടയിലുണ്ടായ തെറ്റുധാരണകളകറ്റാനും സൗഹാർദം പുനഃസ്ഥാപിക്കാനും ഹൈന്ദവ പുരോഹിതന്മാരുമായും പോലീസ് ഉദ്യോഗസ്ഥന്മാരുമായും സാഹിത്യരംഗത്തെ പ്രമുഖരുമായും നിരന്തരം ബന്ധപ്പെടുകയുണ്ടായി.

2006 ഏപ്രിലിൽ ബാംഗ്ലൂർ ആസ്ഥാനമായി രൂപീകരിച്ച 'ധാർമിക സൗഹാർദ വേദിക'യുടെ ചെയർമാനായി തെരഞ്ഞെടുത്തത് ഇബ്റാഹീം സഈദ് സാഹിബിനെയായിരുന്നു. സംസ്ഥാനത്തെ പ്രമുഖ ആക്റ്റിവിസ്റ്റുകളും ബുദ്ധിജീവികളും സാഹിത്യകാരന്മാരുമാണ് ഇതുമായി സഹകരിച്ച് പ്രവർത്തിക്കുന്നത്.

പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുമ്പോഴും പൊതുസമൂഹത്തിൽ ഇബ്റാഹീം സഈദ് സാഹിബിന് ലഭിച്ച ആദരവും അംഗീകാരവും ഏറെ ശ്രദ്ധേയമാണ്. ഇതിൽനിന്ന് പ്രസ്ഥാനത്തിലെ പുതുതലമുറക്ക് ഏറെ പാഠം ഉൾക്കൊള്ളാനുണ്ടെന്ന്, ഇബ്റാഹീം സഈദ് സാഹിബിനെ അനുസ്മരിച്ചുകൊണ്ട് മംഗലാപുരത്ത് നടന്ന പരിപാടിയിൽ കേരള ഹൽഖാ അമീർ ടി. ആരിഫലി സാഹിബ് പറയുകയുണ്ടായി.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാണിരുന്ന ദക്ഷിണ കാനറയിൽ ജമാഅത്തെ ഇസ്‌ലാമിയെ വളർത്തുന്നതിൽ ഒരുപരിധിവരെ സഹായകമായത് ഇബ്റാഹീം സഈദ് സാഹിബ് പുലർത്തിപ്പോന്ന ജീവിതവിശുദ്ധിയും ലാളിത്യവും ആണ്. പ്രസ്ഥാനത്തെ എതിർക്കുന്നവർ പോലും ഇത് സാക്ഷ്യപ്പെടുത്തുന്നു. സൂക്ഷ്മതയും വിനയവും എടുത്തുപറയേണ്ട ഗുണങ്ങളാണ്.

സഹോദര സമുദായങ്ങൾക്ക് മുമ്പിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുക വളരെ യുക്തിഭദ്രതയോടെയായിരിക്കും. അവസാനത്തെ പൊതുപരിപാടിയും ഇത്തരത്തിലുള്ള ഒന്നായിരുന്നു. രോഗം മൂർഛിച്ച് ആശുപത്രിയിലാകുന്നതിന്റെ ഏതാനും ആഴ്ച മുമ്പ് ഉപ്പിനങ്ങാടിയിൽ അമുസ്‌ലിം സഹോദരന്മാരുടെ ഒരു സദസ്സിൽ വിശുദ്ധ ഖുർആനെ പരിചയപ്പെടുത്തി ദീർഘനേരം സംസാരിക്കുകയുണ്ടായി.

കുടുംബത്തെ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ വഴിയിൽ ഉറപ്പിച്ചുനിർത്തിയാണ് ഇബ്റാഹീം സഈദ് സാഹിബ് വിടപറഞ്ഞത്. മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാനും പ്രത്യേകം ശ്രദ്ധിച്ചു. മൂത്ത മകൻ അമീൻ അഹ്സൻ ഉപ്പിനങ്ങാടി പ്രാദേശിക ജമാഅത്ത് നാസിമാണ്. രണ്ടാമത്തെ മകൾ സബിയ്യ ഫാത്വിമ *അനുപമ* വനിതാ മാസിക സബ് എഡിറ്ററും മൂന്നാമത്തെ മകൾ ലുബ്ന പത്രാധിപസമിതി അംഗവുമാണ്. ജ്യേഷ്ഠ സഹോദരൻ കെ.എം ശരീഫ് സാഹിബ് ജമാഅത്തെ ഇസ്‌ലാമി കർണാടക ശൂറാംഗം. ഭാര്യ ആഇശയും നാല് ജാമാതാക്കളും പ്രസ്ഥാന പ്രവർത്തനരംഗത്ത് സജീവമാണ്.

വിയോഗ വാർത്തയറിഞ്ഞ് മംഗലാപുരം കങ്കനാടിയിലെ വസതിയിലെത്തിയവരിൽ സംസ്ഥാന മുഖ്യമന്ത്രി മുതൽ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള പ്രമുഖരുമുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ-ആമീൻ. ■